No. 84/Est/2017

"ഭരണഭാഷ - മാതൃഭാഷ"

ചീഫ് എൻജിനീയറുടെ കാര്യാലയം
തദ്ദേശസ്വയംഭരണ വകുപ്പ്
റവന്യൂ കോംപ്ലക്സ്, മൂന്നാം നില
പബ്ലിക് ആഫീസ് ബിൽഡിംഗ്,
തിരുവനന്തപുരം-33

Phone : 0471-2324951
0471-2325071
TeleFAX:04712324951
email: celsgd@gmail.com
website: www.celsgd.com

നം.ഇ8/2210/15/സിഇ/തസ്വഭവ

തീയതി : 01.07.2017

# സർക്കുലർ

വിഷയം:- തസ്വഭവ (എൻജിനീയറിംഗ് വിഭാഗം) - ജീവനക്കാര്യം - ഉദ്യോഗസ്ഥരുടെ ലീവ് അനുവദിക്കുന്നത്- സംബന്ധിച്ച്.

സൂചന:- ഈ ഓഫീസിലെ സർക്കുലർ നം. ഡി.ബി.3/5068/17/സി.ഇ/തസ്വഭവ തീയതി, 23.06.2017

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ പദ്ധതി പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടപ്പിലാക്കുന്നതിന്റെ ഭാഗമായി ഈ സാമ്പത്തിക വർഷം 2017 ജൂൺ 15 നകം തന്നെ എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും പദ്ധതികൾക്ക് ഡി.പി.സി അംഗീകാരം നൽകിയിട്ടുള്ളതാണ്. പദ്ധതി പ്രവർത്തനങ്ങളുടെ ത്രൈമാസ പുരോഗതി സർക്കാർ ഗൗരവമായി വീക്ഷിക്കുന്നതും, ത്രൈമാസ പദ്ധതി ചെലവുകൾക്ക് പരിധിയും നിശ്ചയിച്ചിട്ടുള്ളതുമാണ്.

മേൽ നേട്ടം കൈവരിക്കുന്നതിനും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ മുഴുവൻ മരാമത്ത് പ്രവൃത്തികളും 2017 ആഗസ്റ്റ് 1 നകം ടെണ്ടർ നടപടി പൂർത്തീകരിക്കാൻ സർക്കാർ നിർദ്ദേശിച്ചിട്ടുള്ളതാണ്. ടി വിഷയം ഈ ഓഫീസ് സൂചന സർക്കുലർ മുഖാന്തിരം അിറയിച്ചിട്ടുള്ളതാണ്. മേൽ സാഹചര്യത്തിൽ മുഴുവൻ എഞ്ചിനീയറിംഗ് പ്രവൃത്തികളുടെയും സാങ്കേതികാനുമതി നിശ്ചിത സമയത്തിനകം പൂർത്തീകരിക്കുവാൻ ഈ വിഭാഗത്തിലെ മുഴുവൻ സാങ്കേതിക വിഭാഗം ജീവനക്കാരും കാര്യക്ഷമതയോടെ പ്രവർത്തിക്കേണ്ടതാണ്. ടി സാഹചര്യത്തിൽ 2017 ആഗസ്റ്റ് 15 വരെ സാങ്കേതികവിഭാഗം ജീവനക്കാർ അത്യന്താപേക്ഷിത ഘട്ടങ്ങളിലല്ലാതെ അവധിയിൽ പ്രവേശിക്കാൻ പാടില്ലായെന്ന് അറിയിക്കുന്നതോടൊപ്പം, കൺട്രോളിംഗ് ഓഫീസർമാർ ഇക്കാര്യം പ്രത്യേകം ശ്രദ്ധിക്കേണ്ടതാണെന്നും നിർദ്ദേശിക്കുന്നു.

1/7/17
ചീഫ് എൻജിനീയർ

S1110